# ECHO OF HIS CALL

MALAYALAM

വിളിയുടെ പ്രതിധ്വനി

*India's National Spiritual Newspaper*

₹ 10/-

REACHING NATIONS

Published monthly in ENGLISH, TAMIL, MALAYALAM, TELUGU, HINDI, KANNADA, MARATHI, BENGALI, GUJARATI, ODIYA, ASSAMESE, PUNJABI, NEPALI, URDU, SINHALA & AFRIKAN

Editor : S. SAM SELVA RAJ | 16 Languages | Associate Editor : Ev. BENJAMIN MOSES

Vol. XXX | YEAR OF OUR LORD JESUS CHRIST, 2024 MAY | No. 07


## വിശുദ്ധ വേദപുസ്തകം

ദയവായി ഈ ഭാഗം മനഃപാഠമാക്കുക

സങ്കീർത്തനങ്ങൾ 75:1 – 9

01. ദൈവമേ, ഞങ്ങൾ നിനക്കു സ്തോത്രം ചെയ്യുന്നു; ഞങ്ങൾ നിനക്കു സ്തോത്രം ചെയ്യുന്നു. ഞങ്ങൾ നിന്റെ അതിശയ പ്രവൃത്തികളെ ഘോഷിക്കുന്നു.

02. സമയം വരുമ്പോൾ ഞാൻ നേരോടെ വിധിക്കും.

03. ഭൂമിയും അതിലെ സകല നിവാസികളും ഉരുകിപ്പോകുമ്പോൾ ഞാൻ അതിന്റെ തൂണുകളെ ഉറപ്പിക്കുന്നു.

04. ഡംഭം കാട്ടരുതെന്ന് ഡംഭികളോടും കൊമ്പുയർത്തരുതെന്നു ദുഷ്ടന്മാരോടും ഞാൻ പറയുന്നു.

05. നിങ്ങളുടെ കൊമ്പു മേലോട്ടു ഉയർത്തരുതു; ശാഠ്യത്തോടെ സംസാരിക്കയുമരുതു.

06. കിഴക്കുനിന്നല്ല, പടിഞ്ഞാറുനിന്നല്ല, തെക്കുനിന്നുമല്ല ഉയർച്ച വരുന്നതു.

07. ദൈവം ന്യായാധിപതിയാകുന്നു; അവൻ ഒരുത്തനെ താഴ്ത്തുകയും മറ്റൊരുത്തനെ ഉയർത്തുകയും ചെയ്യുന്നു.

08. യഹോവയുടെ കയ്യിൽ ഒരു പാനപാത്രം ഉണ്ടു; വീഞ്ഞു നുരെക്കുന്നു; അതു മദ്യംകൊണ്ടു നിറെഞ്ഞിരിക്കുന്നു; അവൻ അതിൽനിന്നു പകരുന്നു; ഭൂമിയിലെ സകലദുഷ്ടന്മാരും അതിന്റെ മട്ടു വലിച്ചു കുടിക്കും.

09. ഞാനോ എന്നേക്കും പ്രസ്താവിക്കും; യാക്കോബിന്റെ ദൈവത്തിന്നു സ്തുതി പാടും.

# നമ്മുടെ കർത്താവിന്റെ മാതൃഹൃദയം!

## OUR LORD'S MOTHERLY HEART!



**അമ്മ ആശ്വസിപ്പിക്കുന്നതുപോലെ ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും - യെശയ്യാവ് 66:13**

*റവ. ഏഞ്ചലിൻ സെൽവകുമാരി, ബഹു. ചീഫ് എഡിറ്റർ*



സ്വർഗ്ഗീയ നന്മകളാൽ നമ്മെ അനുഗ്രഹിക്കുന്ന നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ വിലയേറിയ നാമത്തിൽ ആശംസകൾ. ലോകം മുഴുവനുമുള്ള എല്ലാ അമ്മമാർക്കും വിളിയുടെ പ്രതിധ്വനിയുടെ നാമത്തിൽ മാതൃദിന ആശംസകൾ നേരുന്നു. ഇത്തരം സന്ദർഭങ്ങൾ സന്തോഷം നൽകുന്നതാണെങ്കിലും ചിലർക്കെങ്കിലും അത് സങ്കടത്തിന്റെ സമയമാണ്. "ഞാൻ ഒരു അമ്മയല്ല, പിന്നെ ഞാൻ ഇതൊക്കെ വായിച്ചു സമയം കളയുന്നതെന്തിന്" എന്നു ചിന്തിച്ച് ഈ ലേഖനം തള്ളിക്കളയുന്നതിനു മുമ്പ്, മാതൃത്വത്തിന്റെ പരിപോഷണ മനോഭാവം ഉൾക്കൊള്ളുന്ന എല്ലാവരുടെയും ആഘോഷമാണ് മാതൃദിനം എന്നു മനസ്സിലാക്കുവിൻ. നിങ്ങൾ ഒരു അമ്മയുടെ സ്ഥാനവും ഉത്തരവാദിത്തങ്ങളും ഏറ്റെടുത്ത പിതാവോ സഹോദരനോ സഹോദരിയോ അമ്മാവനോ അമ്മായിയോ ആകട്ടെ, ഈ മാതൃദിനം എന്ന ദിവസം നിങ്ങളുടെ ത്യാഗപൂർണ്ണമായ സ്നേഹത്തെ അനുസ്മരിക്കാനും സന്തോഷിക്കുവാനും അതിനെക്കുറിച്ച് ചിന്തിക്കുവാനുമുള്ള ദിവസമാണ്.

*3–ാം പേജിൽ തുടരും...*




**Echo of His Call**

*Christian YouTube Channel!*

An opportunity to pray with **Pr. S. Sam Selva Raj!**

Message & Prayer in 5 minutes!!


**English, Hindi, Tamil & Telugu**

Every day – From 2.00 A.M.

**Tamil Sunday Service – 8.30 A.M.**

★ Please Subscribe and Share ★

ECHO OF HIS CALL - (1969-2019 GOLDEN JUBILEE YEAR)



## from your dearly beloved brother...



**ഞങ്ങളുടെ നിയോഗം**

പ്രാചീന അപ്പൊസ്തലരുടെ ഉപദേശങ്ങൾ ആനുകാലിക തലമുറയ്ക്കു മായമില്ലാതെ വ്യാഖ്യാനം ചെയ്ത് പഠിപ്പിക്കുക എന്നതാണ് ഞങ്ങളുടെ ധർമ്മം. അതാണ് ഈ നിമിഷത്തിന്റെ ആവശ്യവും.

HON. EDITOR-IN-CHIEF
Rev. Angeline S. Kumari, M.A., M.Sc., M.Ed.
HON. MANAGING EDITOR
Pastor Alex Samson Sam, B.Th., M.Div.
GENERAL MANAGER
Bro. N. Prakasam, M.A., M.Sc.(C&P), PGDHRM, MBA.
ADMINISTRATION
Sis. Jesy Veena Sam
Adv. K. Puratchivendan, M.Com., C.A., B.L.
Dr. P.E.R. Premchand, M.Sc., M.A., M.Ed., Ph.D.
Dr. C.G.S. Baburao, B.Tech., M.Tech. (DM), Ph.D.
Dr. Rabinder Boaz, M.S. (CMC)
EDITORIAL BOARD
Dr. Serena Bevin, M.A., M.Phil., B.Ed.
Sis. Sajini Cherian
Sis. L. Mariya Anjalin, M.A., M.Sc., B.Ed.
Rev. Dr. K.R. Rajasekaran
EDITOR, PUBLISHER & PRINTER
Pastor S. SAM SELVA RAJ
Echo of His Call Printers
10, Mohammed Abdullah 2nd Street,
Chepauk, Chennai- 600 005, India.
Phone : (+ 91- 44) 2852 8282, 2852 9293, 2854 7766
Cell : (+91) 98410 71852, 98412 71858 95661 31858
E.MAIL
sam@echoofhiscall.org
biblecor@yahoo.co.in
WEBSITES
www.echoofhiscall.org
www.stpaulsmatriculation.com
YOUTUBE CHANNEL
Echo of His Call

**നീതിമാന്മാരുടെ രക്ഷ യഹോവയിങ്കൽനിന്നു വരുന്നു;**
**കഷ്ടകാലത്തു അവൻ അവരുടെ ദുർഗ്ഗം ആകുന്നു**
**(സങ്കീർത്തനങ്ങൾ 3:26)**

ക്രിസ്തുവിൽ പ്രിയരേ!

**"നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പിതാവായ ദൈവത്തിന്നു സ്തോത്രം"** (1പത്രൊസ് 1:3)

നിങ്ങളുടെ അചഞ്ചലമായ പ്രാർത്ഥനയ്ക്കും പിന്തുണയ്ക്കും ഞങ്ങൾ ഹൃദയംഗമായ നന്ദി അറിയിക്കുന്നു. ദൈവീക പ്രവർത്തനങ്ങളോടുള്ള നിങ്ങളുടെ ഔദാര്യങ്ങൾക്കും പ്രതിബദ്ധതയ്ക്കും ദൈവം നിങ്ങളെ സമൃദ്ധിയായി അനുഗ്രഹിക്കുമാറാകട്ടെ. ഏപ്രിൽ മൂന്നാം വാരത്തിൽ നടത്തിയ, ദൈവത്തിന്റെ സമൃദ്ധമായ അനുഗ്രഹങ്ങൾ എല്ലായിടത്തും പ്രകടമാക്കിയ, കുട്ടികളുടെ അവധിക്കാല ബൈബിൾ ക്ലാസ്സുകൾ ഗംഭീര വിജയമായിരുന്നു. ചെപ്പോക്ക്, വേളാച്ചേരി, ബാലാജി നഗർ, സന്തോഷപുരം എന്നിവയുൾപ്പെടെ ചെന്നൈയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള നൂറു കണക്കിനു കുട്ടികൾക്ക് സൂഷ്മമായി ആസൂത്രണം ചെയ്ത പാഠ്യപദ്ധതിയിലൂടെ തിരുവചനത്തിന്റെ പഠിപ്പിക്കലുകൾ മനസ്സിലാക്കാൻ അവസരം ലഭിച്ചു. ദൈവീക പരിപോഷണത്തിനായി അങ്ങേയ്ക്കു നന്ദിയർപ്പിക്കുകയും ഈ ശുശ്രൂഷയ്ക്കുവേണ്ടി അശ്രാന്തമായി പരിശ്രമിച്ച ദൈവത്തിന്റെ ദാസന്മാർക്കെല്ലാം ഞങ്ങളുടെ അഗാധമായ നന്ദി അറിയിക്കുകയും ചെയ്യുന്നു.

പാസ്റ്റർ എസ്. സാം സെൽവരാജിന്റെ ആത്മകഥ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുന്നതിന്റെ അവസാന ഘട്ടത്തിലാണ് ഞങ്ങൾ. തന്റെ ശുശ്രൂഷയിലൂടെ ദൈവം നിങ്ങളുടെ ആത്മീയ വളർച്ചയെ എങ്ങനെ സ്വാധീനി ച്ചു എന്നു വിശദമാ ക്കുന്ന പത്തു വരിക ൾ വരെയുള്ള നിങ്ങളുടെ സാക്ഷ്യപത്ര ൾ അയച്ചുതരുവാൻ ഞങ്ങൾ അഭ്യർത്ഥി ക്കുന്നു. കൂടാതെ സാദ്ധ്യമെങ്കിൽ പ്രസിദ്ധീ കരിക്കുവാനായി നി ങ്ങളുടെ ഒരു ഫോ ട്ടോയും അയച്ചു തന്നാൽ ഉപകാരമായിരിക്കും.



*പാസ്റ്റർ സാം സെൽവരാജിന്റെ ആത്മകഥയുടെ അംഗങ്ങൾ*

അടുത്ത മാസം ആരംഭിക്കുമ്പോൾ, വേഗത്തിലുള്ള പ്രവർത്തനങ്ങളിലേ് ഞങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നു. നമ്മുടെ ബൈബിൾ കോളേജുകളിൽ നിന്നുള്ള അമ്പതു ബിരുദധാരികൾ അവരുടെ പഠനം പൂർത്തിയാക്കാൻ തയ്യാറെടുക്കുമ്പോൾ ഞങ്ങൾക്ക് അവരെ പിന്തുണക്കേണ്ടത് അനിവാര്യമാണ്. ഈ അർപ്പണബോധമുള്ള വ്യക്തികൾ താമസിയാതെ വിദൂരവും വെല്ലുവിളികൾ നിറഞ്ഞതുമായ പ്രദേശങ്ങളിലേക്ക് ശുശ്രൂഷാപ്രവർത്തനങ്ങളുമായി യാത്രയാകും. അവരുടെ ആത്മീയ യാത്രയിലെ സുപ്രധാന നാഴികക്കല്ലായ ബിരുദദാന ചടങ്ങ് 2024 ജൂൺ ഒന്നിനാണ് നടത്താൻ നിശ്ചയിച്ചിരിക്കുന്നത്. അതേസമയം നെഹെമ്യ ബൈബിൾ കോളേജിന്റെ പുതിയ വിദ്യാർത്ഥികൾക്കുള്ള ക്ലാസ്സുകൾ 2024 ജൂൺ 3 ന് ആരംഭിക്കും.

നെഹെമ്യ ബൈബിൾ കോളേജിലേക്ക് ഹിന്ദി വായിക്കാനും എഴുതാനും പ്രാവീണ്യമുള്ള വിദ്യാർത്ഥികളെ കണ്ടെത്താൻ നിങ്ങളുടെ പ്രാർത്ഥന ആവശ്യപ്പെടുന്നു. കൂടാതെ ഞങ്ങളുടെ ശുശ്രൂഷയിലൂടെ ഏറ്റെടുക്കുന്ന എല്ലാ സംരംഭങ്ങൾക്കും കർത്താവിന്റെ മാർഗ്ഗനിർദ്ദേശവും കരുതലും ലഭിക്കുവാൻ ഞങ്ങൾ പ്രാർത്ഥിക്കുന്നു. നമ്മുടെ വില്ലേജ് ഹൈസ്കൂളിലേക്കും സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂളിലേക്കും വിദ്യാർത്ഥികളെയും അധ്യാപകരെയും റിക്രൂട്ട് ചെയ്യുന്നതിൽ ദൈവത്തിന്റെ ദിവ്യ ഇടപെടൽ തേടി നമുക്ക് പ്രാർത്ഥനയിൽ ഒന്നിക്കാം.

നിരവധി വെല്ലുവിളികൾ, തടസ്സങ്ങൾ, അടിയന്തിര ആവശ്യങ്ങൾ എന്നിവ നേരിടുമ്പോൾ പ്രാർത്ഥനയിൽ ആശ്രയിക്കുന്നത് വളരെ നിർണ്ണായകമാണ്. ദൈവകൃപയിലൂടെയും കരുണയിലൂടെയും മാത്രമേ എല്ലാ തടസ്സങ്ങളും മറികടക്കാൻ കഴിയൂ എന്ന് അറിഞ്ഞുകൊണ്ട് ഞങ്ങളുടെ ശുശ്രൂഷയ്ക്കുവേണ്ടി നിങ്ങളുടെ തുടർന്നുമുള്ള മദ്ധ്യസ്ഥത അഭ്യർത്ഥിക്കുന്നു.

ഞങ്ങളുടെ പ്രാർത്ഥനകളിൽ നിങ്ങളെ ഉയർത്തിപ്പിടിക്കുമ്പോൾ നമ്മുടെ കർത്താവിന്റെ അതിരുകളില്ലാത്ത കൃപ നിങ്ങളുടെമേൽ ചൊരിയപ്പെടുമാറാകട്ടെ. ആമേൻ!

*ക്രിസ്തു യേശുവിൽ നിങ്ങളുടെ ശുശ്രൂഷകർ,*

***പാസ്റ്റർ എസ്. സാം സെൽവരാജ്***
***പാസ്റ്റർ അലക്സ് സാംസൺ സാം***
(+91) 98412 71858/98410 71858
E-mail : sam@echoofhiscall.org

## വിളിയുടെ പ്രതിധ്വനി വായനക്കാർ ദയവായി ശ്രദ്ധിക്കുവിൻ

വിളിയുടെ പ്രതിധ്വനിയുടെ 5 മിനിട്ട് യുട്യൂബ് സന്ദേശങ്ങൾ എല്ലാ ദിവസവും രാവിലെ 2.00 മണിക്ക് തമിഴ്, തെലുങ്ക്, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകളിൽ സംപ്രേഷണം ചെയ്യുന്നു. ഈ സന്ദേശങ്ങളിലൂടെ ദൈവകൃപ പ്രാപിക്കാൻ സാധിക്കും.

കൂടാതെ നിങ്ങളുടെ മൊബൈൽ ഫോണുകളിൽ (+91)98410 71858, (+91)98412 71858 (പേഴ്സണൽ) എന്നീ എന്റെ നമ്പരുകൾ സേവ് ചെയ്യുവിൻ.

- പാസ്റ്റർ സാം സെൽവരാജ്

*1-ാം പേജിന്റെ തുടർച്ച...*

## മാതൃതുല്യമായ ദൈവസ്നേഹം

ഉപാധികളില്ലാത്ത ത്യാഗപൂർണ്ണമായ സ്നേഹത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ നമ്മുടെ രക്ഷയ്ക്കുവേണ്ടി കുരിശിൽ സ്വമേധയാ തന്റെ ജീവൻ നൽകിയ യേശു ക്രിസ്തുവിന്റെ സ്നേഹത്തെക്കുറിച്ച് ചിന്തിക്കാൻ എന്നെ പ്രേരിപ്പിക്കുന്നു. നാം ജീവിക്കാനായി സ്വന്തം ജീവൻ സമർപ്പിച്ച യേശുക്രിസ്തുവിന്റെ നിസ്വാർത്ഥമായ പ്രവൃത്തി അസാധാരണമായ സ്നേഹത്തിന്റെ ഉദാഹരണമാണ്. നാം പലപ്പോഴും ദൈവസ്നേഹത്തെ പിതൃത്വത്തിന്റെ പദങ്ങളിലൂടെ, മാർഗദർശനം, സംരക്ഷണം, അച്ചടക്കം, എന്നിവയിലൂടെ കാണുമ്പോൾ, ദൈവത്തിന്റെ മാതൃ സവിശേഷതകളും നിരവധി സന്ദർഭങ്ങളിൽ തിരുവെഴുത്തുകൾ ചിത്രീകരിക്കുന്നു.



ആശ്വസിപ്പിക്കുന്ന മാതാവായി ദൈവത്തെ യെശയ്യാവ് 66:13 ൽ വിശേഷിപ്പിക്കുന്നു. ഒരു അമ്മയുടെ ത്യാഗപൂർണ്ണവും നിരുപാധികവുമായ സ്നേഹത്തെ ദൈവസ്നേഹമെന്ന് മത്തായി 23:37ൽ വിശദമാക്കുന്നു.

ഒരു വശത്ത്, നമ്മെ തിരുത്തുകയും പഠിപ്പിക്കുകയും ചെയ്യുന്ന കർശനമായ ഒരു അച്ചടക്കക്കാരനായി നാം ദൈവത്തെ കാണുന്നു; മറുവശത്ത്, നിരുപാധികമായ സ്നേഹത്തിലൂടെ നമ്മുടെ കുറവുകൾ മറയ്ക്കുകയും ന്യായവിധി കൂടാതെ ഉപജീവനം നൽകി പരിപോഷിപ്പിക്കുകയും ചെയ്യുന്ന അമ്മയായും നാം അവനെ കാണുന്നു.

ഈ പ്രത്യേക അവസരത്തിൽ, പ്രത്യേകിച്ചും ഏകാന്തതയുടെ നിമിഷങ്ങളിൽ നിരന്തരമായ പിന്തുണയും സഹവാസവും നൽകിക്കൊണ്ട് ദൈവം നിങ്ങളെ ഒരു അമ്മയുടെ ആലിംഗനത്തിൽ പൊതിയണമെന്ന് ഞാൻ പ്രാർത്ഥിക്കുന്നു. അങ്ങയുടെ സാന്നിദ്ധ്യം നിങ്ങളെ ആശ്വസിപ്പിക്കുകയും ഓരോ ചുവടുവയ്പിലും അവന്റെ നിരുപാധികമായ സ്നേഹംകൊണ്ടു നിങ്ങളെ ആശ്വസിപ്പിക്കുകയും ചെയ്യട്ടെ.

## വേദപുസ്തകത്തിൽ നിന്നുള്ള അമ്മമാർ!

ദൈവത്തിന്റെ മാതൃഗുണങ്ങളെക്കുറിച്ച് ചിന്തിക്കുമ്പോൾ, വെല്ലുവിളികൾ നിറഞ്ഞ സാഹചര്യങ്ങളിൽ തങ്ങളുടെ കുടുംബത്തെ വളർത്തുന്നതിൽ അസാധാരണമായ ധൈര്യം പ്രകടിപ്പിച്ച ബൈബിളിലെ നിരവധി അമ്മമാരിലേക്ക് എന്റെ ചിന്തകൾ ആകർഷിക്കപ്പെട്ടു. ഇവയിൽ ഒരു രൂപം ശ്രദ്ധേയമാണ്: ഹാഗാർ.

### 1. ഹാഗാർ ആരായിരുന്നു?

പലർക്കും ഹാഗാറിന്റെ കഥ പരിചിതമായിരിക്കാം, പക്ഷേ പരിചയമില്ലാത്തവർക്ക്, അവളെ പരിചയപ്പെടുത്താൻ എന്നെ അനുവദിക്കുക. “ഉപേക്ഷിക്കപ്പെട്ട” അല്ലെങ്കിൽ “പലായനം” എന്നതിനെ സൂചിപ്പിക്കുന്ന ഹാഗാർ എന്ന പേര് അജ്ഞാതവും അംഗീകാരം

## ദയവായി പ്രാർത്ഥിക്കുവിൻ!

ഞങ്ങളുടെ ശുശ്രൂഷയുടെ വേനൽക്കാല വെക്കേഷൻ ബൈബിൾ സ്കൂൾ ഇന്ത്യ മുഴുവനായി 2024 ഏപ്രിൽ, മെയ് മാസങ്ങളിൽ നടത്തപ്പെടുന്നു. നിങ്ങളുടെ പ്രാർത്ഥന ആവശ്യമായിരിക്കുന്നു.

- എഡിറ്റർ

ഇല്ലാത്തതും പലപ്പോഴും പരിഹാസത്തിനു വിധേയവുമാകുന്ന ഒരു ജീവിതത്തിന്റെ പ്രതീകമാണ്. യഥാർത്ഥത്തിൽ അവൾ മിസ്രയീമിൽ നിന്നും മക്കളില്ലാതിരുന്ന അബ്രഹാമിന്റെയും സാറായുടെയും ഭവനത്തിൽ ദാസിയുടെ ജോലി ചെയ്യാൻ വന്ന അടിമ പെൺകുട്ടിയായിരുന്നു. അപ്രതീക്ഷിതമായ ഒരു വഴിത്തിരിവിൽ മക്കളെ പ്രതീക്ഷിച്ച് സാറ അവളെ അബ്രഹാമിനു വിവാഹം ചെയ്തു കൊടുത്തു. ഒരു നിമിഷത്തിനുള്ളിൽ വീട്ടിലെ ജോലിക്കാരിയായിരുന്നവൾ വീട്ടിലെ ഏറ്റവും പ്രധാനപ്പെട്ട രണ്ടാമത്തെ സ്ത്രീയായി മാറി. തുടർന്ന്, അവൾ ഗർഭം ധരിച്ച് ഇസ്മായേൽ എന്ന ഒരു മകനെ പ്രസവിച്ചു, അത് അവളുടെ പദവി കൂടുതൽ ഉയർത്തി. അവളുടെ പെരുമാറ്റത്തിലും ഇടപെടലുകളിലും, പ്രത്യേകിച്ച് അബ്രഹാമിന്റെ ആദ്യഭാര്യ സാറയോടുള്ള അവളുടെ പെരുമാറ്റത്തിലും അവളുടെ പദവി വെളിപ്പെടുത്തിയിരിക്കാം. തന്റെ പാരമ്പര്യത്തിനായി ദൈവം വ്യത്യസ്ഥ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടെന്നറിയാതെ തന്റെ പാരമ്പര്യം കാത്തുസൂക്ഷിക്കാൻ ഒരു പുത്രനെ കിട്ടിയതിൽ സന്തോഷിച്ചു. എന്നിരുന്നാലും സാറയോടുള്ള പെരുമാറ്റം അവരുടെ ബന്ധത്തെ ഉലച്ചു. സാറയുടെ നീരസം വർദ്ധിച്ചു ഹാഗാറിനോട് രോഷത്തോടെ പെരുമാറി. ഒടുവിൽ ദൈവത്തിന്റെ വാഗ്ദത്തപ്രകാരം സാറയ്ക്ക് യിസ്ഹാക്ക് ജനിച്ചപ്പോൾ അബ്രഹാമിന്റെ അനന്തരാവകാശം പങ്കിട്ടുപോകുമെന്ന ഭയം ഉടലെടുത്തു. ഹാഗാറിനെയും ഇസ്മായേലിനെയും നാടുകടത്താൻ സാറ അബ്രഹാമിനെ നിർബന്ധിച്ചു. അങ്ങനെ ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ട് അവളുടെ പേരിന്റെ അർത്ഥം പോലെ തന്നെ അവളും പുത്രനും മരുഭൂമിയിലേക്ക് നാടുകടത്തപ്പെട്ടു. വേദപുസ്തക വിവരണങ്ങളിൽ അമ്മമാർ അനുഭവിക്കുന്ന പരീക്ഷണങ്ങളുടെ ഹൃദയസ്പർശിയായ തെളിവാണ് നിരാലംബയായ അവർ മകനോടൊപ്പം അലഞ്ഞുതിരിയുന്നത്.

അബ്രഹാമുമായുള്ള അവളുടെ വിവാഹത്തെക്കുറിച്ച് ആരും ഹാഗാറിനോടു കൂടിയാലോചിച്ചില്ല, അവനെ വിട്ടുപോകാൻ അവൾക്കു ആഗ്രഹമുണ്ടോ എന്നും ആരും അന്വേഷിച്ചില്ല. അവളുടെ ജീവിതത്തിലുടനീളം, അവളുടെ തിരഞ്ഞെടുപ്പുകളെല്ലാം മറ്റുള്ളവരുടെ നിർദ്ദേശപ്രകാരമായിരുന്നു. അവളെ ഒരു താല്പര്യമില്ലാത്ത പങ്കാളിയാക്കി മാറ്റുകയും ചെയ്തു. ഹാഗാറിനു സ്വന്തമായി ഒരു ശബ്ദം ഇല്ലായിരുന്നു. "എന്റെ ജീവിതത്തിലെ തീരുമാനങ്ങളെല്ലാം മറ്റാരോ എടുത്തതാണ്; ആരും എന്റെ അഭിപ്രായം തേടിയില്ല; എന്റെ ആഗ്രഹങ്ങളും ആവശ്യങ്ങളും ആരും ശ്രദ്ധിച്ചില്ല; മറ്റുള്ളവർ എടുക്കുന്ന തീരുമാനങ്ങളാൽ രൂപപ്പെട്ട ഒരു ജീവിതമാണ് ഞാൻ ഇപ്പോൾ ജീവിക്കുന്നത്."

പ്രീയ സ്നേഹിതരേ, "നാം ദൈവത്തിൽ ആശ്രയിക്കുകയാണെങ്കിൽ എല്ലാം നന്മയ്ക്കായി പ്രവർത്തിക്കുന്നു" എന്ന് വേദപുസ്തകം ഉറപ്പു നൽകുന്നു. ഈ കാലഘട്ടത്തിൽ ഇത് അപ്രസക്തമാണെന്നു തോന്നിയാലും ദൈവത്തിന്റെ അനുമതിയില്ലാതെ ഒന്നും സംഭവിക്കുകയില്ല. പരിതാപകരമായ സാഹചര്യങ്ങളെപ്പോലും നമ്മുടെ പ്രയോജനത്തിനായി മാറ്റുവാനുള്ള ശക്തി അവനുണ്ട്. ഏതു സാഹചര്യത്തെയും നമുക്ക് അനുകൂലമാക്കി മാറ്റുവാൻ അവനു കഴിയും, കർത്താവായ യേശുക്രിസ്തുവിന്റെ സർവ്വശക്തിയും ഇതുതന്നെയാണ്. ദൈവം നമുക്കായി നിശ്ചയിച്ചിരിക്കുന്നതെന്താണെന്ന് ഹാഗാറിനെപോലെ നമുക്ക് അറിയില്ല എങ്കിലും നാം നമ്മെത്തന്നെ അവനായി സമർപ്പിക്കുകയാണെങ്കിൽ നമ്മുടെ അനുഗ്രഹത്തിനു അനുസൃതമായി അവൻ എല്ലാം ക്രമീകരിക്കുന്നു. നമ്മുടെ ഭാവി അവന്റെ കരങ്ങളിലാണെന്ന് സങ്കീർത്തനം 31:15 ൽ പറയുന്നു. അതിനാൽ, ഹാഗാറിനു സമാനമായ ഒരു മരുഭൂമിയിലൂടെ നിങ്ങൾ സഞ്ചരിക്കുകയോ, ഭാവിയെക്കുറിച്ച് അനശ്ചിതത്വം തോന്നുകയോ അല്ലെങ്കിൽ ഒരു പക്ഷേ ഭാവിയെക്കുറിച്ച് സങ്കൽപ്പിക്കാൻ കഴിയാതെ വരികയോ ചെയ്താൽ അവനിൽ ആശ്രയം കണ്ടെത്തുവിൻ. ഓർക്കുക, നിങ്ങൾ ദൈവത്തിന്റെ നിയന്ത്രണത്തിലാണ്; അവൻ നിങ്ങൾക്ക് വഴികാട്ടിയായിരിക്കും. അവന്റെ കരങ്ങൾ പിടിച്ച് നിങ്ങളുടെ ഇഷ്ടം അവനിൽ സമർപ്പിക്കുവിൻ.



*ഹാഗാർ തന്റെ പുത്രനു മൊത്ത് മരുഭൂമിയിൽ*

06-ാം പേജിൽ തുടരും...


## നെഹെമ്യ ബൈബിൾ

**റെസിഡെൻഷ്യൽ / സായാഹ്ന കോളേജ്**

**വേളാച്ചേരി, ചെപ്പോക്ക് & സന്തോഷപുരം, ചെന്നൈ**

**ഭാഷ : ഹിന്ദി/തമിഴ്**

**അംഗത്വത്തിനായി രജിസ്റ്റർ ചെയ്ത സ്ഥാനാർത്ഥി**

ഏഷ്യ തിയോളജിക്കൽ അസ്സോസിയേഷൻ - ATA

കഴിഞ്ഞ 54 വർഷങ്ങളായി അന്താരാഷ്ട്ര ക്രിസ്തീയ നേതാക്കളും മുതിർന്ന പാസ്റ്റർമാരും അംഗീകരിച്ചത്

യോഗ്യത
പത്താം ക്ലാസ്സോ അതിനു മുകളിലോ

***ദൈവശുശ്രൂഷയിൽ സർട്ടിഫിക്കേറ്റ്***
***വേദശാസ്ത്രത്തിൽ ഡിപ്ലോമ***

**അതിവേഗം അഡ്മിഷൻ നേടുവിൻ!**

**ബന്ധപ്പെടുവിൻ : ദി ചെയർമാൻ, നെഹെമ്യ ബൈബിൾ കോളേജ്**
10, മുഹമ്മദ് അബ്ദുള്ള 2-ാം തെരുവ്, ചെപ്പോക്ക്, ചെന്നൈ-600 005, ഇന്ത്യ
ഫോൺ : (91-44) 2852 8282, മൊബൈൽ : (+91) 98410 71852/95661 31858
E-mail : sam@echoofhiscall.org / Website : www.echoofhiscall.org
✶ ഓൺലൈൻ ക്ലാസ്സുകൾ ലഭ്യമാണ് ✶

GREAT COMMISSION PARTNERS
ECHO OF HIS CALL MINISTRIES SINCE 1969

# പരമനിയോഗ ദൗത്യ പങ്കാളികൾ

**പങ്കിടൽ** (ഗലാത്യർ 6:2), **സഹായം** (റോമർ 12:13), **കൂടുതൽ വേഗത** (2 തിമൊഥെയോസ് 1:6)

## പ്രാർത്ഥനാ വിഷയങ്ങൾ

(ഈ കടലാസ് നിങ്ങളുടെ വേദപുസ്തകത്തിൽ വച്ച് വിഷയങ്ങൾക്കായി പ്രാർത്ഥിക്കുവിൻ)

### സ്തോത്രത്തിനായുള്ള വിഷയങ്ങൾ

***മെയ് 19*** ⇨ ആവശ്യത്തിലിരിക്കുന്നവരെ സഹായിക്കുന്നതിനായി **സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂൾ, നെഹെമ്യ ബൈബിൾ കോളേജ്, വേദശാസ്ത്ര കറസ്പോണ്ടൻസ് കോഴ്സ്** എന്നിവയെ സമർപ്പിക്കുന്നു

***മെയ് 20*** ⇨ ഞങ്ങളുടെ വിവർത്തകർ, അസ്സോസിയേറ്റ് എഡിറ്റർമാർ കോഡിനേറ്റർമാർ ഇവരുടെ കുടുംബാംഗങ്ങൾ എന്നിവർക്കായി.

***മെയ് 21*** ⇨ നമ്മുടെ സീനിയർ പാസ്റ്ററെയും കുടുംബാംഗങ്ങളെയും എല്ലാവിധമായ ദുഷ്ടശക്തികളിൽ നിന്നും വിടുവിച്ചുകൊണ്ടിരിക്കുന്നതിനായി.

***മെയ് 22*** ⇨ നമ്മുടെ പ്രാർത്ഥനാ പങ്കാളികൾ, വിശ്വാസ പങ്കാളികൾ, ജീവിത പങ്കാളികൾ, പരമനിയോഗ ദൗത്യപങ്കാളികൾ എന്നിവർക്കും കുടുംബാംഗങ്ങൾക്കുമായി.

***മെയ് 23*** ⇨ നമ്മുടെ വേദശാസ്ത്ര കറസ്പോണ്ടൻസ് കോഴ്സ് ബൈബിൾ കറസ്പോണ്ടൻസ് കോഴ്സ് എന്നിവയെ അനുഗ്രഹിച്ചതിനായി.

***മെയ് 24*** ⇨ ഞങ്ങളുടെ ശുശ്രൂഷയുടെ സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റിക്കൊണ്ടിരിക്കുന്നതിനായി.

***മെയ് 25*** ⇨ മുഖ്യസഭയിലെയും ശാഖാസഭകളിലെയും അംഗങ്ങളെ അനുഗ്രഹിച്ചതിനായി.

***മെയ് 26*** ⇨ അരാജകത്വത്തിന്റെയും യുദ്ധഭീഷണികൾക്കുംമദ്ധ്യേ രാജ്യങ്ങളുടെ ദൈവീക സംരക്ഷണത്തിനായി.

***മെയ് 27*** ⇨ രാഷ്ട്രീയവും മതപരവുമായ എതിർപ്പുകളുടെ മദ്ധ്യേ ക്രിസ്തീയ ശുശ്രൂഷകൾ അഭിവൃദ്ധി പ്രാപിക്കുന്നു.

***മെയ് 28*** ⇨ സമൂഹത്തിന്റെ എല്ലാ മേഖലകളിലുമുള്ള സ്ത്രീകളുടെ ശാക്തീകരണത്തിനായി.

***മെയ് 29*** ⇨ **സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂളിന്** നല്ല അദ്ധ്യാപകരെയും പ്രിൻസിപ്പാളിനെയും നൽകിയതിനായി.

***മെയ് 30*** ⇨ മുഖ്യസഭയിലെയും ശാഖാസഭകളിലെയും പാസ്റ്റർമാരെയും മുതിർന്ന നേതാക്കളെയും അനുഗ്രഹിച്ചതിനായി.

***മെയ് 31*** ⇨ **വിളിയുടെ പ്രതിധ്വനി**യുടെ ജീവനക്കാരെയും കുടുംബാംഗങ്ങളെയും കാത്തുപരിപാലിച്ചതിനായി.

***ജൂൺ 01*** ⇨ **നെഹെമ്യ ബൈബിൾ കോളേജിന്റെ** സായാഹ്ന/റെസിഡൻഷ്യൽ ക്ലാസ്സുകളിലേക്ക് പുതിയ വിദ്യാർത്ഥികളെ നൽകിയതിനായി.

***ജൂൺ 02*** ⇨ ഞങ്ങളുടെ സുവിശേഷ അച്ചടിശാലയ്ക്കും അതിന്റെ പ്രഗത്ഭരായ തൊഴിലാളികൾക്കുമായി.

***ജൂൺ 03*** ⇨ അഞ്ചു മിനിട്ട് യൂട്യൂബ് സന്ദേശങ്ങളുടെ വരിക്കാരുടെ എണ്ണത്തിന്റെ വർദ്ധനവിനായും സാക്ഷ്യങ്ങൾക്കായും.

### പ്രാർത്ഥനയ്ക്കായുള്ള വിഷയങ്ങൾ

***ജൂൺ 04*** ⇨ യുവാക്കൾ അക്രമത്തിന്റെയും കൊലപാതകത്തിന്റെയും ദുഷ്ടാത്മാവിന്റെ പാത വെടിയുവാനും പരിശുദ്ധാത്മാവിനാൽ നിറയപ്പെടുവാനും.

***ജൂൺ 05*** ⇨ എല്ലാ കുടുംബങ്ങളുടെയും സമാധാനത്തിനായി.

***ജൂൺ 06*** ⇨ ലോകമെമ്പാടുമുള്ള ക്രിസ്തീയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നല്ല പാരമ്പര്യം കാത്തുസൂക്ഷിക്കുവാൻ.

***ജൂൺ 07*** ⇨ ക്രിസ്ത്യാനികൾ ദൈവവചനം ഉൾക്കൊള്ളുവാനും ക്രിസ്തുവിനെപ്പോലെയുള്ള സ്വഭാവം വളർത്തിയെടുക്കുകയും ചെയ്യുവാൻ.

***ജൂൺ 08*** ⇨ നമ്മുടെ ശുശ്രൂഷയുടെ വികസനത്തിനും സുവിശേഷത്തിന്റെ ആഗോള പ്രചാരണത്തിനും.

***ജൂൺ 09*** ⇨ സീനിയർ പാസ്റ്ററുടെ ആത്മകഥയുടെ വിജയകരമായ പൂർത്തീകരണത്തിനായി.

***ജൂൺ 10*** ⇨ ദുഷ്ടശക്തികൾക്കെതിരെ എല്ലാ പള്ളികൾക്കും ദൈവീക സംരക്ഷണം ലഭിക്കുവാൻ.

***ജൂൺ 11*** ⇨ രാജ്യങ്ങൾ തമ്മിലുള്ള ഐക്യത്തിനും സാമ്പത്തിക ഉയർച്ചക്കുമായി.

***ജൂൺ 12*** ⇨ സുവിശേഷം എത്തിച്ചേരാത്ത ഇടങ്ങളിൽ അത് എത്തിക്കുവാനുള്ള പരിശ്രമങ്ങളുടെ വിജയത്തിനായി.

***ജൂൺ 13*** ⇨ ഞങ്ങളുടെ ശുശ്രൂഷകളുടെ എല്ലാ തരത്തിലും അളവിലുമുള്ള വികസനത്തിനായി.

***ജൂൺ 14*** ⇨ എല്ലാ ക്രിസ്തീയ സംഘടനകളുടെയും അനുഗ്രഹത്തിനും സംരക്ഷണത്തിനുമായി.

***ജൂൺ 15*** ⇨ 2024-25 അദ്ധ്യയന വർഷത്തിൽ **നെഹെമ്യ സായാഹ്ന/റെസിഡെൻഷ്യൽ ക്ലാസ്സുകളിൽ** അർഹരായ വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിക്കുവാൻ.

***ജൂൺ 16*** ⇨ 2024-25 അദ്ധ്യയന വർഷത്തിൽ **സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂളിൽ** പുതിയ വിദ്യാർത്ഥി കൾ കടന്നു വരുവാൻ.

***ജൂൺ 17*** ⇨ പ്രാർത്ഥനയിലൂടെയും സാമ്പത്തിക സഹായത്തിലൂടെയും ഞങ്ങളുടെ ശുശ്രൂഷയെ നിലനിറുത്തുന്ന പിന്തുണക്കാർ, അഭ്യുദയകാംക്ഷികൾ, സുഹൃത്തുക്കൾ എന്നിവർക്കായി.

***ജൂൺ 18*** ⇨ ഭൂമിയിൽ അങ്ങയുടെ രാജ്യത്തിന്റെ പുരോഗതിക്കായി അനേകം ദർശനങ്ങൾ ലഭ്യമാകുവാൻ.

...4–ാം പേജിന്റെ തുടർച്ച

വേദപുസ്തകം ഇങ്ങനെ പറയുന്നു: **അബ്രഹാം അതികാലത്ത് എഴുന്നേറ്റ് അപ്പവും ഒരു തുരുത്തി വെള്ളവും എടുത്തു ഹാഗാറിന്റെ തോളിൽ വച്ചു, കുട്ടിയെയും കൊടുത്ത് അവളെ അയച്ചു; അവൾ പുറപ്പെട്ടുപോയി ബേർ-ശേബ മരുഭൂമിയിൽ ഉഴന്നു നടന്നു** (ഉല്പത്തി 21:14). ധനികനായ അബ്രഹാം അല്പം ആഹാരവും കുറച്ചു വെള്ളവും മാത്രം അവൾക്കു നൽകി. അവൻ ഹാഗാറിനു ധാരാളം വിഭവങ്ങൾ നൽകുമെന്നും ദാസിമാരെ അവളുടെ കൂടെ അയയ്ക്കുമെന്നും ചിലർ ചിന്തിച്ചേക്കാം. പക്ഷെ അങ്ങനെയൊന്നും ഉണ്ടായില്ല. ദൈവം അവളുടെ സംരക്ഷകനും ദാതാവുമാണെന്ന് ഹാഗാർ മനസ്സിലാക്കണമെന്ന് അബ്രഹാം ആഗ്രഹിച്ചിരിക്കാം. എന്നാലും അബ്രഹാമിന്റെ ഉദ്ദേശ്യം വ്യക്തമല്ല.

ഉപേക്ഷിക്കപ്പെട്ടതും ഏകയുമായ ഹാഗാർ തന്റെ മകനെ അമ്മയുടെ സ്നേഹം നൽകി വളർത്തുക എന്ന ദുഷ്കരമായ ദൗത്യം നേരിട്ടു. സാമ്പത്തികമായി സഹായിക്കാനോ ആശ്രയിക്കാൻ കുടുംബമോ ഇല്ലായിരുന്നതിനാൽ അവൾ വളരെയധികം കഷ്ടപ്പാടുകൾ സഹിച്ചു. വേദപുസ്തകം ഇങ്ങനെ പറയുന്നു: **നിന്റെ സ്രഷ്ടാവാകുന്നു നിന്റെ ഭർത്താവു; സൈന്യങ്ങളുടെ യഹോവ എന്നാകുന്നു അവന്റെ നാമം** (യെശയ്യാവു 54:5). ദൈവം അവരുടെ ഭർത്താവും ദാതാവുമാണെന്നു വേദപുസ്തകം ഇങ്ങനെയുള്ളവർക്കു ഉറപ്പു നൽകുന്നതോടൊപ്പം സാന്ത്വനവും പ്രോത്സാഹനവും വാഗ്ദത്തം ചെയ്യുന്നു.

### 3. ഹാഗാറും മകനും

ഈ ദുരന്തം ഹാഗാറിനെയും മകനെയും ക്ഷീണിപ്പിക്കുന്നതായിരുന്നു, അത് മകന്റെ



ഹാഗാർ മകനുവേണ്ടി കരഞ്ഞു

തകർച്ചയിലേക്കു നയിച്ചു. മകന്റെ ആസന്നമായ മരണത്തിനു സാക്ഷ്യം വഹിക്കുന്നത് ഹാഗാറിനു ഹൃദയഭേദകമായിരുന്നു. **കുട്ടിയുടെ മരണം എനിക്കു കാണേണ്ട** എന്ന് ഉല്പത്തി 21:6 ൽ രേഖപ്പെടുത്തിയിരിക്കുന്നു.

മകനെ ജീവനോടെ നിലനിർത്താൻ ആഗ്രഹിച്ചെങ്കിലും ആത്യന്തികമായി ശക്തിയില്ലാതെ അവൾ കരഞ്ഞു. നിങ്ങൾക്കു പ്രിയപ്പെട്ട ഒരു വസ്തു നിങ്ങളുടെ കൈയ്യിൽ നിന്നും വഴുതിപ്പോകുന്നത് കാണുന്നതിനെക്കുറിച്ച് ചിന്തിച്ചു നോക്കുവിൻ. അവളുടെ മനസ്സിന്റെ ഏറ്റവും ഇരുണ്ടതായ നിമിഷത്തിൽ സഹായത്തിനും ആശ്വാസത്തിനുമായി, നിലവിളിയോടെ ഹാഗാർ കർത്താവിങ്കലേക്കു തിരിഞ്ഞു.

ഒരു അമ്മയുടെ സുന്ദരമായ സ്വഭാവ സവിശേഷതകളെക്കുറിച്ച് ചിന്തിക്കുമ്പോൾ ദൈവം അമ്മമാരെ അവരുടെ മക്കൾക്ക് അനുഗ്രഹത്തിന്റെ ചാലകങ്ങളായി എങ്ങനെ ഉപയോഗിക്കുന്നു എന്നു നാം കാണുന്നു.

### മകനുവേണ്ടി അമ്മയുടെ തീഷ്ണമായ യാചന

#### എ. അമ്മ കരഞ്ഞപ്പോൾ, ദൈവം അവളുടെ മകന്റെ ആവശ്യം പരിഹരിച്ചു.

ജലത്തിന്റെ ലഭ്യത കുറഞ്ഞപ്പോൾ ഹാഗാറും മകനും ആശയെല്ലാം നശിച്ച്, ശക്തി ക്ഷയിച്ച്, നിരാശയ്ക്കു കീഴടങ്ങുന്നു. വ്യസനത്താൽ വീർപ്പുമുട്ടിയ ഹാഗാറിന് മകന്റെ ആസന്നമായ വിയോഗം സഹിക്കാൻ കഴിയുമായിരുന്നില്ല. ഭാവിയെക്കുറിച്ചുള്ള പ്രതീക്ഷയോ ദിശയെക്കുറിച്ച് അറിവോ ഇല്ലാതെ അവർ മരുഭൂമിയിൽ ലക്ഷ്യമില്ലാതെ അലഞ്ഞു. അവരുടെ വിഭവങ്ങൾ തീർന്നപ്പോൾ, അവളുടെ മകന്റെ മരണഭീഷണി അസഹനീയമായി മാറി.

**അവൾ പോയി അതിനെതിരെ ഒരു അമ്പിൻപാടു ദൂരത്ത് ഇരുന്നു: കുട്ടിയുടെ മരണം എനിക്കു കാണേണ്ടാ എന്നു പറഞ്ഞ് എതിരേ ഇരുന്ന് ഉറക്കെ കരഞ്ഞു** (ഉല്പത്തി 21:16).

അമ്മ കരയുമ്പോൾ അവളുടെ മകന്റെ ദുരവസ്ഥ ദൈവം ശ്രദ്ധിക്കുന്നു. നമ്മുടെ പ്രാർത്ഥനകളിലൂടെ ദൈവം കേൾക്കുക മാത്രമല്ല, നമ്മുടെ കണ്ണുനീർ കാണുകയും നമ്മുടെ വേദന അവൻ അനുഭവിക്കുകയും ചെയ്യുന്നു. നമ്മുടെ കണ്ണുനീർ അവൻ ഒരു കുപ്പിയിൽ സൂക്ഷിക്കുന്നു (സങ്കീർത്തനം 56:8). അമ്മമാർ മക്കൾക്കുവേണ്ടി പ്രാർത്ഥിക്കുകയും മദ്ധ്യസ്ഥത വഹിക്കുകയും ചെയ്യുമ്പോൾ ദൈവം അവരുടെ ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കുന്നു. ദൈവം ബാലന്റെ നിലവിളി കേട്ടു എന്ന് വേദപുസ്തകം വിവരിക്കുമ്പോൾ, അമ്മയുടെ നിലവിളിയാണ് ദൈവത്തിന്റെ പ്രതികരണം ത്വരിതപ്പെടുത്തിയത്. ഹാഗാറിന്റേതുപോലെ ധീരമായ നിലവിളികളോടുമാത്രമല്ല, ഇസ്മായിലിന്റേതുപോലെയുള്ള നിശബ്ദമായ അപേക്ഷകളോടും ദൈവം പ്രതികരിക്കുന്നു.

ഇന്ന് നിങ്ങളുടെ മക്കൾക്കുവേണ്ടി ആത്മാർത്ഥമായി പ്രാർത്ഥിക്കുകയാണെങ്കിൽ,

9–ാം പേജിൽ തുടരും...

## NEHEMIAH BIBLE COLLEGE

### Graduation Service, 2023-2024

Venue : BKN Hall, Vepery, Chennai – 07.
Date : 1st June, 2024 (Saturday)
Time : 5.00 P.M.

About 50 students will complete their studies and will be sent to the mission field.

We need 75 students for the Tamil and Hindi courses for the academic year 2024-2025. Please pray for this request. Admissions are going on for the next academic year 2024-2025.

## നമ്മുടെ ആസ്ഥാന കാര്യാലയത്തിലെ ശുശ്രൂഷകൾക്കുവേണ്ടി പ്രാർത്ഥിക്കുക

| | | | |
|---|---|---|---|
| 01. | പ്രാർത്ഥന സഹായങ്ങൾ | – | 24 മണിക്കൂർ |
| 02. | ബൈബിൾ കറസ്പോണ്ടൻസ് | – | ബൈബിൾകോർ – തമിഴ്, ഇംഗ്ലീഷ്, ഹിന്ദി (കോഴ്സുകൾ) |
| 03. | വിളിയുടെ പ്രതിധ്വനി | – | മാസികകൾ<br>തമിഴ്, ഇംഗ്ലീഷ്, മലയാളം, തെലുങ്ക്, ഹിന്ദി, കന്നട, മറാത്തി, ബംഗാളി, ആസാമീസ്, ഗുജറാത്തി, ഉറുദു, പഞ്ചാബി, നേപ്പാളി, ഒറിയ, സിംഹളം, ആഫ്രിക്കൻ |
| 04. | നെഹെമ്യ ബൈബിൾ കോളേജ് | – | രണ്ടു കേന്ദ്രങ്ങൾ (സായാഹ്നം, റെസിഡൻഷ്യൽ) |
| 05. | വേദശാസ്ത്ര വിദൂര പഠന കേന്ദ്രം | – | ഇംഗ്ലീഷ്, തമിഴ് |
| 06. | പരമനിയോഗ ദൗത്യ പങ്കാളികൾ | – | പാസ്റ്റർമാരുടെ ചങ്ങല |
| 07. | ട്രെയിനിംഗ് പരിപാടികൾ | | |
| 08. | ക്രൂസേഡുകൾ | | |
| 09. | കൈപ്രതി പ്രവർത്തനങ്ങൾ, ലഘുലേഖ വിതരണം | | |
| 10. | സുവിശേഷ പ്രസിദ്ധീകരണ പ്രസ്സ് | – | പ്രസിദ്ധീകരണങ്ങൾ |
| 11. | സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്ക്കൂൾ | – | ഗ്രാമീണ ഇംഗ്ലീഷ് വിദ്യാലയം |
| 12. | സണ്ടേസ്ക്കൂൾ | – | ഞായർ രാവിലെ 8.30, വൈകുന്നേരം 4.00 മണി |
| 13. | തമിഴ് ആരാധന | – | രാവിലെ 8.00, ഞായർ രാവിലെ 10.00 മണി |
| 14. | തെലുങ്ക് ആരാധന | – | ഞായർ വൈകുന്നേരം 5.00 മണി |
| 15. | ഹിന്ദി ആരാധന | – | ഞായർ വൈകുന്നേരം 4.00 മണി |
| 16. | ഇംഗ്ലീഷ് – തമിഴ് ആരാധന | – | ഞായർ വൈകുന്നേരം 6.00 മണി |
| 17. | സ്ത്രീകളുടെ പ്രാർത്ഥനായോഗം | – | ബുധൻ വൈകുന്നേരം 5.30 മണി |
| 18. | പുരുഷന്മാരുടെ യോഗം | – | വെള്ളി വൈകുന്നേരം 7.00 മണി |
| 19. | ശിഷ്യത്വ യോഗം | – | ശനി വൈകുന്നേരം 6.00 മണി |
| 20. | ഭവന കൂട്ടായ്മ | – | ചൊവ്വ, വ്യാഴം വൈകുന്നേരം 6.30 മണി |
| 21. | പ്രത്യേക കർത്തൃമേശ | – | എല്ലാ മാസവും ആദ്യ ദിവസം രാവിലെ 6.00 മണി |
| 22. | സുവിശേഷകരുടെ അവലോകനം | – | ആദ്യ ശനി വൈകുന്നേരം 5.30 മണി |
| 23. | രക്ഷിതാക്കളുടെ പ്രാർത്ഥന | – | ആദ്യ ശനി വൈകുന്നേരം 4.00 മണി |
| 24. | രാത്രി പ്രാർത്ഥന | – | രണ്ടാം വെള്ളി രാത്രി 9.30 മണി |
| 25. | ഉപവാസ പ്രാർത്ഥന | – | ആദ്യ ശനി രാവിലെ 9.30 മണി |
| 26. | കർത്തൃമേശ | – | രണ്ടാം ഞായർ ആരാധനയോടൊപ്പം |
| 27. | യുവാക്കൾക്കും കുട്ടികൾക്കുമുള്ള പ്രാർത്ഥന | – | ദിവസവും രാത്രി 10.00 മണി |
| 28. | ജീവനക്കാരുടെ ധ്യാനം | – | ദിവസവും രാവിലെ 9.00 മണി |
| 29. | ഓഫീസ് | – | രാവിലെ 9 മുതൽ രാത്രി 9 വരെ (ഞായർ ഒഴികെ) |

## *വിളിയുടെ പ്രതിധ്വനി തപാൽ കോഴ്സുകൾ*

### *1. ബൈബിൾകോർ*

വേദപുസ്തകത്തിലെ പ്രാഥമിക സത്യങ്ങൾ ക്രിസ്ത്യാനികൾക്കും അക്രൈസ്തവർക്കുമായി തപാൽ കോഴ്സുകൾ ഇംഗ്ലീഷ് (57 പേജുകൾ), ഹിന്ദി (76പേജുകൾ), തമിഴ് (96 പേജുകൾ) എന്നീ ഭാഷകളിൽ ഞങ്ങൾ ചെയ്യുന്നു. പുതിയ ജീവിതം-നിങ്ങൾക്ക് എന്ന കോഴ്സ് ബുക്ക് ലഭിക്കുന്നതാണ്. കോഴ്സ് പൂർത്തിയാക്കുമ്പോൾ സർട്ടിഫിക്കേറ്റ് ലഭിക്കുന്നു. നിർബന്ധ ഫീസ് ഇല്ല. നിങ്ങൾ അനുഗ്രഹിക്കപ്പെടും.

### *2. തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ്*

തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ് എന്ന പേരിലുള്ള ആധുനിക വിദൂര വിദ്യാഭ്യാസം ഇംഗ്ലീഷ് (537 പേജുകൾ), തമിഴ് (652 പേജുകൾ) എന്നീ ഭാഷകളിൽ സുവിശേഷ പ്രവർത്തനത്തിന് താല്പര്യമുള്ള പാസ്റ്റർമാർ, സുവിശേഷകർ, ക്രിസ്തീയ നേതാക്കൾ, സാധാരണ ജനങ്ങൾ എന്നിവർക്ക് ലഭ്യമാണ്. ഫീസ് 1000/-രൂപ. 149 അദ്ധ്യായങ്ങളുള്ള 7 ബുക്കുകൾ തരുന്നതാണ്. സർട്ടിഫിക്കേറ്റ് ഇൻ മിനിസ്ട്രി ലഭിക്കുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കും.

*കൂടുതൽ വിവരങ്ങൾക്ക് എഴുതുവിൻ.*

**ചെയർമാൻ, നെഹെമ്യ ബൈബിൾ കോളേജ്,**
വിളിയുടെ പ്രതിധ്വനി, പോസ്റ്റ് ബോക്സ് 2957,
ചെപ്പോക്ക്, ചെന്നൈ – 600 005.
ഫോൺ: (044) 28528282, 28529293, 28547766,
മൊബൈൽ: 9841071852, 9566131858
E.mail : biblecor@yahoo.co.in

## വിളിയുടെ പ്രതിധ്വനി

### മാസിക സൗജന്യമായി ലഭിക്കുവാനുള്ള സുവർണ്ണാവസരം

നിങ്ങളുടെ സ്നേഹിതരുടെയോ ബന്ധുക്കളുടെയോ വിലാസം തപാൽ, കത്ത്, ഇ-മെയിൽ, വാട്ട്സ്ആപ്, ഫോൺ ഇവയിൽ ഏതെങ്കിലുമൊന്നിലൂടെ ഞങ്ങളെ അറിയിക്കുകയാണെങ്കിൽ **വിളിയുടെ പ്രതിധ്വനി** മാസിക സൗജന്യമായി അവരുടെ വിലാസത്തിൽ ഞങ്ങൾ അയച്ചു കൊടുക്കുന്നതാണ്.

## നികുതി ഇളവ്

"ECHO OF HIS CALL EDUCATIONAL TRUST" ന് വ്യക്തിയോ സംഘടനയോ നൽകുന്ന സംഭാവനകൾ വരുമാന നികുതി ആക്ട് 80 ജി പ്രകാരം നികുതി ഇളവിന് അർഹമാണ്. ഇതിന് ഔദ്യോഗിക രസീത് നൽകുന്നതാണ്. ഇത്തരം സംഭാവനകൾക്കുള്ള പണച്ചീട്ട്, ഡ്രാഫ്റ്റ് എന്നിവ എക്കോ ഓഫ് ഹിസ് കോൾ എഡ്യൂക്കേഷണൽ ട്രസ്റ്റ് എന്ന പേരിൽ എടുത്ത് ഞങ്ങൾക്ക് അയച്ചുതരിക.

| | | |
|---|---|---|
| Account Name | : | ECHO OF HIS CALL EDUCATIONAL TRUST |
| Account Number | : | 1023 2923 805 |
| Bank Name | : | STATE BANK OF INDIA |
| Branch | : | TRIPLICANE, CHENNAI - 600 005 |
| IFSC Code | : | SBIN 0000249 |
| SWIFT Code | : | SBI NIN BB 455 |



# കുടിലിൽ നിന്നും കൊട്ടാരത്തിലേക്ക്

## PIT TO PALACE

(പാസ്റ്റർ എസ്. സാം സെൽവരാജിന്റെ ജീവിതാനുഭവങ്ങൾ)

"വായിക്കുന്നവൻ ചിന്തിച്ചുകൊള്ളട്ടെ" (മത്തായി 24:15)

# യേശുക്രിസ്തുവിൽ നമുക്ക് എത്ര നല്ല സ്നേഹിതനാണ് ഉള്ളത്!

### എന്നെ വീണ്ടെടുക്കുന്നവൻ ജീവിച്ചിരിക്കുന്നു – ഇയ്യോബ് 19:25

എന്റെ ശുശ്രൂഷയുടെ ആദ്യനാളുകളിൽ, ദൈവം അനുവദിച്ച അനേകം പരീക്ഷണങ്ങളും പ്രയാസങ്ങളും ഞാൻ സഹിച്ചു. സാമ്പത്തിക ഞെരുക്കം എന്നെ വല്ലാതെ ഭാരപ്പെടുത്തിയതുകൂടാതെ ശുശ്രൂഷക്കായി ഒരു സ്ഥിരം ആസ്ഥാനം സ്ഥാപിക്കാനുള്ള സാധ്യത അപ്രാപ്യമാക്കി. അതിന്റെ ഫലമായി ഞാൻ ഇടയ്ക്കിടെ താമസ സ്ഥലങ്ങളും ഓഫീസുകളും മാറ്റിക്കൊണ്ടിരുന്നു.

1980-ൽ കഷ്ടത എന്നെ വളരെ തീവ്രമായി ബാധിച്ചു. പനിയും അസഹ്യമായ ശരീരവേദനയും, പ്രത്യേകിച്ച് കഴുത്തിൽ, എന്നെ വല്ലാത്ത ഒരു പ്രതിസന്ധിയിലാക്കി. ഞാൻ ശുശ്രൂഷിച്ചുകൊണ്ടിരുന്ന പ്രദേശത്ത് കൂടുതലും അക്രൈസ്തവരായതിനാൽ, പ്രാദേശിക ജനത എന്നെ ഒറ്റപ്പെടുത്തുകയും എന്നെ പിന്തുണക്കാതിരിക്കുകയും ചെയ്തത് എന്റെ ദുരിതം വർദ്ധിപ്പിച്ചു. എന്റെ രോഗത്തിന്റെയും ഏകാന്തതയുടെയും അനുഭവത്തിൽ ഒരു രാത്രിയിലെ മാത്രം സഹവാസത്തിനായി, എന്റെ മുൻകാല സഹായങ്ങൾ സ്വീകരിച്ച സുഹൃത്തിനോടു അപേക്ഷിച്ചപ്പോൾ അദ്ദേഹം അത് നിഷ്കരുണം നിരസിച്ചു. ഏകാന്തതയിൽ കഷ്ടപ്പെടാൻ ഞാൻ ശേഷിച്ചപ്പോൾ സങ്കൽപ്പിക്കാനാകാത്ത വേദനയുടെ ഒരു രാത്രി കടന്നുപോയി.

പിറ്റേന്ന് രാവിലെ ദയയുള്ള ചിലർ എന്നെ ഒരു സർക്കാർ ആശുപത്രിയിൽ എത്തിച്ചു. എന്റെ കഷ്ടതകളെ ഒറ്റയ്ക്കു നേരിടാൻ വീണ്ടും ഏകാന്തതയുടെ നിമിഷങ്ങൾ! വേദനാജനകമായ ദിവസങ്ങൾ കടന്നുപോയപ്പോൾ ഒരു ശസ്ത്രക്രിയ അനിവാര്യമാണെന്ന് ഡോക്ടർമാർ പറഞ്ഞു. എന്നിരുന്നാലും, എന്റെ സാഹചര്യങ്ങൾ കണക്കിലെടുക്കുമ്പോൾ, അത്തരമൊരു നടപടിക്രമത്തിന് വിധേയനാകുന്നതിനെക്കുറിച്ച് ഞാൻ ആശങ്ക പ്രകടിപ്പിക്കുകയും പകരം പ്രാർത്ഥനയിലേക്ക് തിരിയുകയും ചെയ്തു. ലൗകിക സുഖസൗകര്യങ്ങൾക്കുള്ള അവസരം ഉണ്ടായിരുന്നു എങ്കിലും, എന്റെ ശുശ്രൂഷയിൽ ഞാൻ നേരിട്ട അസംഖ്യം വെല്ലുവിളികൾ ഞാൻ ദൈവത്തോടു വെളിപ്പെടുത്തി. "എന്റെ വഴികളെ ഞാൻ വിവരിച്ചപ്പോൾ നീ എനിക്കുത്തരമരുളി" (സങ്കീർത്തനങ്ങൾ 119:26).

പിന്നെ ഒരു രാത്രിയിൽ ഞാൻ തീഷ്ണതയോടെ പ്രാർത്ഥിച്ചപ്പോൾ ദൈവത്തിന്റെ രോഗശാന്തിയുടെ കരത്തിന്റെ സ്പർശം ഞാൻ അനുഭവിച്ചു. ഞാൻ അത് മനസ്സിലാക്കിയപ്പോൾ ചികിത്സിക്കുന്ന ഡോക്ടറോട് ഞാൻ വിവരം പറഞ്ഞു. "എനിക്കു മനസ്സിലായി, പല ക്രിസ്ത്യാനികളും യേശുക്രിസ്തു തങ്ങളെ സൗഖ്യമാക്കി എന്നു പറഞ്ഞ് ചികിത്സ നിഷേധിക്കുന്നുണ്ട്. നിങ്ങളും അത്തരത്തിലുള്ള പ്രഖ്യാപനമാണ് നടത്തിയിരിക്കുന്നത്." പക്ഷെ ഓപ്പറേഷനുവേണ്ടി നിർബന്ധിക്കുകയോ മരുന്നുകൾ നിർദ്ദേശിക്കുകയോ ചെയ്യാതെ എന്നെ ഡിസ്ചാർജ് ചെയ്തു. ഞാൻ അവനിൽ വിശ്വസിച്ചതുപോലെ ദൈവം എന്നെ കഷ്ടതയിൽനിന്നും മോചിപ്പിച്ചുകൊണ്ട് എന്റെ വിശ്വാസത്തിന് അനുസൃതമായി തന്റെ ശക്തി പ്രകടമാക്കി.



*യേശുക്രിസ്തുവിന്റ ദൈവീക സ്പർശം!*

ഏകദേശം 36 വർഷങ്ങൾക്കുമുമ്പ് ദൈവം എന്നെ പൂർണ്ണമായി സൗഖ്യമാക്കി. അതിനുശേഷം ആ രോഗം എന്നെ സ്പർശിച്ചിട്ടില്ല. വാഹനമോടിക്കുമ്പോൾ സമമല്ലാത്തതും ദുർഘടമായ റോഡുകളിലൂടെ സഞ്ചരിക്കുന്നു എങ്കിലും എനിക്ക് നടുവേദനയോ കഴുത്തു വേദനയോ ഉണ്ടാകാറില്ല. പ്രസംഗ പരിപാടികളും ഓഫീസ് ജോലിയുമായി മിക്കപ്പോഴും ഞാൻ ദിവസവും 20 മണിക്കൂറുകൾ പ്രവർത്തിക്കാറുണ്ടെങ്കിലും എനിക്ക് ക്ഷീണം തോന്നാറില്ല. ദൈവത്തിന്റെ രോഗശാന്തിയുടെ സ്പർശനം എന്നെ ദുരിതത്തിൽനിന്നും മോചിപ്പിക്കുക മാത്രമല്ല ധാരാളം അനുഗ്രഹങ്ങൾ ചൊരിയുകയും ചെയ്തു. തുടക്കത്തിൽ എനിക്ക് ഒരു സ്നേഹിതൻ മാത്രമേ ഉണ്ടായിരുന്നുള്ളു എങ്കിൽ ഇപ്പോൾ, ലോകമെമ്പാടുമുള്ള സൗഹൃദങ്ങളാൽ ദൈവം എന്നെ അനുഗ്രഹിക്കുകയും എന്നെയും എന്റെ ശുശ്രൂഷയെയും സമ്പന്നമാക്കുകയും ചെയ്തു.

പ്രീയ സുഹൃത്തേ, നമ്മുടെ കർത്താവായ യേശുക്രിസ്തു ഈ ലോകത്തിന്റെ ഇരുട്ടിലൂടെ നമ്മെ നയിക്കുന്ന എല്ലാവർക്കും മുകളിൽ അദ്വിതീയമായി നിലകൊള്ളുന്നു. നിങ്ങളുടെ യഥാർത്ഥ സുഹൃത്തായും ദൈവമായും അവനെ സ്വീകരിക്കുകയാണെങ്കിൽ നിശ്ചിത സമയത്ത് അവൻ നീതിയുടെ പാതയെ പ്രകാശിപ്പിക്കും. നിങ്ങളുടെ കർത്താവും രക്ഷിതാവുമായി അവനെ നിങ്ങൾ ഇതുവരെ സ്വീകരിച്ചിട്ടില്ല എങ്കിൽ, ഇപ്പോൾ അതു ചെയ്യുക, അവന്റെ മാർഗ്ഗനിർദ്ദേശപ്രകാരം നിങ്ങളുടെ പ്രവർത്തന യാത്ര ആരംഭിക്കുക. അവന്റെ നേതൃത്വം എന്നെ അനുദിനം നയിക്കുന്നതുപോലെ അവൻ നിങ്ങളെയും നയിക്കുമെന്ന് എനിക്ക് ഉറപ്പുണ്ട്.

**ഞാൻ മരുഭൂമിയിൽ ഒരു വഴിയും നിർജ്ജനപ്രദേശത്തു നദികളും ഉണ്ടാക്കും** എന്ന് യെശയ്യാവ് 43:19 ലൂടെ പ്രഖ്യാപിക്കുന്നു.

... 6-ാം പേജിന്റെ തുടർച്ച

കാരണം എന്തുതന്നെയായാലും, അവനോടു നിലവിളിക്കുമ്പോൾ അവൻ നിങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റിത്തരും. കുരിശിൽ മരിച്ചിട്ട് ഉയിർത്തെഴുന്നേറ്റുകൊണ്ട് നമുക്കെല്ലാവർക്കും വിജയം ഉറപ്പാക്കിത്തന്ന കർത്താവിനെ അന്വേഷിക്കുവിൻ.

### ബി. അമ്മ കരഞ്ഞപ്പോൾ, അവൾ തന്റെ മകന്റെ സ്ഥാനത്തു നിന്നു:

ഹാഗാർ അവളുടെ മകന്റെ വേഷം ഏറ്റെടുക്കുകയും, ഒരു വാക്കുപോലും ഉച്ചരിക്കാൻ ശക്തിയില്ലായിരുന്നപ്പോൾ പ്രാർത്ഥിക്കുകയും ചെയ്തു. ഈ ഹൃദയസ്പർശിയായ നിമിഷത്തിൽ, തളർന്നുപോയ മകനുവേണ്ടി ഇടപെടുമ്പോൾ ആ അമ്മയുടെ സ്നേഹം അതിരു കടന്നു. ശക്തിയും ഇച്ഛാശക്തിയും നഷ്ടപ്പെട്ട അവൻ നിരാശയ്ക്കു കീഴടങ്ങി. എന്നിട്ടും അവനുപകരം അവൾ ശബ്ദം ഉയർത്തി നിലവിളിച്ചു.

നമ്മുടെ മക്കൾക്കുവേണ്ടി മദ്ധ്യസ്ഥത വഹിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നത് മാതൃത്വത്തിന്റെ ത്യാഗപരമായ സ്വഭാവത്തിന്റെ തെളിവാണ്. ഒരുപക്ഷേ നിങ്ങൾക്ക് ദൈവസ്നേഹത്തിൽനിന്നു അകന്നുപോയതോ, ശാരീരികമായോ മാനസികമായോ അസ്വസ്ഥത ഉള്ളതായ ഒരു മകനോ മകളോ ഉണ്ടായിരിക്കാം. പ്രാർത്ഥനയും വിശ്വാസവുമൊക്കെ പഴഞ്ചനാണെന്ന് അവർ കരുതിയാലും പറഞ്ഞാലും അവർക്കുവേണ്ടി മദ്ധ്യസ്ഥത വഹിക്കാൻ നിങ്ങൾക്കു കഴിയണം. അവർക്കുവേണ്ടി മദ്ധ്യസ്ഥത വഹിക്കാൻ നിങ്ങൾക്കു കഴിയണമെങ്കിൽ, ഒരു അമ്മ അവരുടെ ആത്മീയവും ലൗകികവുമായ ആവശ്യങ്ങൾക്കായി ആത്മാർത്ഥമായി പ്രാർത്ഥിക്കുകയും അവർക്കുവേണ്ടി ദൈവത്തോടു അപേക്ഷിക്കുകയും വേണം.

അമ്മ പ്രാർത്ഥിച്ചപ്പോൾ ദൈവം കേട്ടു ഉത്തരം നൽകി.

നമ്മളുടെ മക്കളുടെ ക്ഷേമത്തിനായി ദൈവത്തോടു പ്രാർത്ഥിക്കേണ്ടതു നമ്മുടെ കർത്തവ്യമാണ്. അമ്മമാരേ, നമുക്ക് പ്രാർത്ഥനയിൽ ശബ്ദം ഉയർത്തി നമ്മുടെ മക്കൾക്കും കൊച്ചുമക്കൾക്കുംവേണ്ടി നമുക്കു കരയാം.

**നിന്റെ മക്കൾ എല്ലാവരും യഹോവയാൽ ഉപദേശിക്കപ്പെട്ടവരും നിന്റെ മക്കളുടെ സമാധാനം വലിയതും ആയിരിക്കും.**

**- യെശയ്യാവ് 54:13**

### സി. അമ്മ കരഞ്ഞപ്പോൾ, ദൈവം പുത്രനെ അനുഗ്രഹിക്കുകയും ഭാവി പദ്ധതികൾ വെളിപ്പെടുത്തുകയും ചെയ്തു. 18-20

അമ്മ നിലവിളിക്കുകയും കരയുകയുമൊക്കെ ചെയ്തപ്പോൾ ദൈവം അത്ഭുതകരമായി കുടിക്കാൻ വെള്ളം നൽകുക മാത്രമല്ല, മകന്റെ ജീവൻ നിലനിറുത്തുകയും ചെയ്തു. ഒരു മഹത്തായ വിധിയെക്കുറിച്ച് സൂചന നൽകിക്കൊണ്ട് ദൈവം അവനെ ശക്തനായ ഒരു വ്യക്തിയാക്കി മാറ്റി. അമ്മയുടെ തീക്ഷ്ണമായ പ്രാർത്ഥനയ്ക്കു മറുപടിയായി ഇസ്മായേലിന്റെ ഭാവി എന്തായിരിക്കുമെന്ന് ദൈവം അവൾക്കു വെളിപ്പെടുത്തിക്കൊടുത്തു.



*ഹാഗാറിന്റെ പുത്രൻ*



*ദൈവദൂതൻ ഹാഗാറിനോടു സംസാരിച്ചു*

**നീ ചെന്നു ബാലനെ താങ്ങി എഴുന്നേല്പിച്ചുകൊൾക; ഞാൻ അവനെ ഒരു വലിയ ജാതിയാക്കും എന്നു അരുളിച്ചെയ്തു** (21:18).

അമ്മമാർ പ്രാർത്ഥിക്കുമ്പോൾ നമ്മുടെ മക്കളുടെ ഭാവിയെക്കുറിച്ചുള്ള ദൈവീക വെളിപ്പാടുകൾ പുറത്തുവരുന്നു. ഉത്തരങ്ങൾക്കായി നാം മറ്റൊരിടത്തും അന്വേഷിക്കേണ്ടതില്ല, പ്രാർത്ഥിക്കുന്ന അമ്മമാർക്ക് അവ വെളിപ്പെടുത്തിക്കൊടുക്കുന്നു. അതിനാൽ നമ്മുടെ കുഞ്ഞുങ്ങൾക്കായി മദ്ധ്യസ്ഥത വഹിക്കുകയും നിലവിളിക്കുവാൻ തയ്യാറാകുകയും ചെയ്യുന്ന പ്രാർത്ഥിക്കുന്ന അമ്മമാരുടെ വേഷം നമുക്കു സ്വീകരിക്കാം.

*****************


**WANTED for**

**NEHEMIAH BIBLE COLLEGE of ECHO OF HIS CALL, Chennai**

**★ HINDI LANGUAGE ★**

**ATA - Registered Candidate for Membership**

**DEAN (Residential):**
Hindi Theologian with M.Div. / M.Th. Degree & experience. Boarding, Lodging and Salary will be paid. We also need deserving Hindi students.

Eligible candidates may send bio--data to:
E.mail: sam@echoofhiscall.org
WhatsApp: (+91) 98412 71858


## ദയവായി ശ്രദ്ധിക്കുവിൻ!

### പാസ്റ്റർ എസ്. സാം സെൽവരാജിന്റെ ആത്മകഥ!

**പാസ്റ്റർ സാം സെൽവരാജിന്റെ ആത്മകഥ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുന്നതിന്റെ അവസാന ഘട്ടത്തിലാണ് ഞങ്ങൾ. തന്റെ ശുശ്രൂഷയിലൂടെ ദൈവം നിങ്ങളുടെ ആത്മീയ വളർച്ചയെ എങ്ങനെ സ്വാധീനിച്ചു എന്നു വിശദമാക്കുന്ന പത്തു വരികൾ വരെയുള്ള നിങ്ങളുടെ സാക്ഷ്യങ്ങൾ ഞങ്ങൾ അഭ്യർത്ഥിക്കുന്നു. കൂടാതെ, ആത്മകഥയിൽ ഉൾപ്പെടുത്തുന്നതിന് നിങ്ങളുടെ ഒരു ഫോട്ടോ കൂടെ അയച്ചു തന്നാൽ നന്നായിരുന്നു.**

RNI.No.55468/94, Postal Regn.No.TN/CH/(C)/199/24-26 WPP.No.TN/PMG(CCR)/WPP-221/24-26

## വിളിയുടെ പ്രതിധ്വനി

**യുട്യൂബ്**

**ദയവായി വരിക്കാരാകുക**

വിളിയുടെ പ്രതിധ്വനിയുടെ യുട്യൂബ് ചാനൽ കാണുകയും വരിക്കാരാകുകയും ചെയ്യുവിൻ - എഡിറ്റർ

## OUR BANK DETAILS:

### *1. Bank : State Bank of India*

| | |
|---|---|
| Branch | : **Triplicane, Chennai-5** |
| Name | : **S. Sam Selva Raj** |
| A/C No. | : **1023 2934 679** |
| IFSC | : **SBIN 00 00 249** |
| SWIFT CODE | : **SBI NIN BB 455** |

### *2. Bank : ICICI Bank*

| | |
|---|---|
| Branch | : **Anna Salai, Chennai-6** |
| Name | : **Echo of His Call** |
| A/C No. | : **6038 0502 2319** |
| IFSC | : **ICIC 000 6038** |

### *3. Bank : State Bank of India*

(This Account is for Tax Exemption for Indians only )

| | |
|---|---|
| Branch | : **Triplicane, Chennai-5** |
| Name | : **Echo of His Call Educational Trust** |
| A/C No. | : **1023 2923 805** |
| IFSC | : **SBIN 00 00 249** |

Google Pay: 98410 71858
PayPal : SAM SELVA RAJ

*****

E.mail : sam@echoofhiscall.org

# വിളിയുടെ പ്രതിധ്വനി

**16 ഭാഷകളിലെ മാസിക, ബൈബിൾ കോളേജുകൾ, പോസ്റ്റൽ കോഴ്സുകൾ, സഭ സ്ഥാപിക്കുക, വില്ലേജ് ഇംഗ്ലീഷ് ഹൈസ്കൂൾ, സുവിശേഷ അച്ചടിശാല, ക്രൂസേഡുകൾ, സെമിനാറുകൾ, സാമൂഹ്യസേവനം മുതലായവ**

വാർഷിക വരിസംഖ്യ : 100/- രൂപ    ആയുഷ്കാല വരിസംഖ്യ : 2000/- രൂപ

നിങ്ങളെപ്പോലെയുള്ള ദൈവമക്കളുടെ സഹായവും ഉദാരമായ സംഭാവനയുമാണ് **വിളിയുടെ പ്രതിധ്വനി**യുടെ വൈവിധ്യമുള്ള പ്രവർത്തനങ്ങൾക്കു സഹായകമായിട്ടുള്ളത്. ദൈവം പ്രേരിപ്പിക്കുന്നതുപോലെ **വിളിയുടെ പ്രതിധ്വനി** പ്രവർത്തനങ്ങളെ സഹായിക്കുവിൻ. സുവിശേഷം ഇതുവരെയും എത്തിച്ചേരാത്ത സ്ഥലങ്ങളിൽ സുവിശേഷം എത്തിക്കുവാനും സഭകൾ സ്ഥാപിക്കുവാനും നിങ്ങളുടെ സഹായം ആവശ്യമാണ്.

**വിളിയുടെ പ്രതിധ്വനി** മാസിക തുടർച്ചയായി ലഭിക്കണമെങ്കിൽ ഞങ്ങൾക്ക് എഴുതുവിൻ. നിങ്ങളുടെ വിലാസം മാറുമ്പോൾ പഴയതും പുതിയതുമായ വിലാസങ്ങളും ഇമെയിൽ അഡ്രസും അറിയിക്കുവിൻ.

ഞങ്ങളുടെ വെബ്സൈറ്റിൽ 16 ഭാഷകളിലെ മാസികകളും ലഭ്യമാണ്. വെബ്സൈറ്റിൽ കയറി നിങ്ങൾക്ക് അത് വായിക്കുകയും ഡൗൺലോഡ് ചെയ്യുകയും ചെയ്യാവുന്നതാണ്.

നിങ്ങളുടെ കത്തുകൾ, പ്രാർത്ഥനാ ആവശ്യങ്ങൾ, സാമ്പത്തിക സഹായം **ഡിമാന്റ് ഡ്രാഫ്റ്റ്, ചെക്ക്, മണി ഓർഡർ, പെ പാൽ (Sam Selva Raj, sam@echoofhiscall.org), നെഫ്റ്റ്, ഫോൺ പെ (9841071858) , ഗൂഗിൾ പെ (9841071858), വെസ്റ്റേൺ യൂണിയൻ മണിഗ്രാം** തുടങ്ങിയവയിലൂടെ താഴെ കാണുന്ന വിലാസത്തിൽ ദയവായി അയക്കുവിൻ.

നിങ്ങളുടെ ഫോൺ/മൊബൈൽ നമ്പർ, ഇമെയിൽ അഡ്രസ് തുടങ്ങിയവ അയച്ചുതരിക.

**ECHO OF HIS CALL**
10, MOHAMMED ABDULLAH 2nd STREET, CHEPAUK
CHENNAI - 600 005, INDIA
PH : (+91-44) 2852 8282, 2852 9293, 2854 7766
CELL : (+91) 98410 71852, 95661 31858
E-mails : sam@echoofhiscall.org / biblecor@yahoo.co.in
Websites : www.echoofhiscall.org / www.stpaulsmatriculation.com

**YOU CAN SEND YOUR DONATION ONLINE ALSO**

Regd. with the RNI under No. 55468/94
Licenced to post without pre-payment
Postal Regn. No. TN/CH (C) /199/24-26
Licence No. WPP. No. TN/PMG(CCR)/WPP-221/24-26
Date of Publication: First week of every month
Date of Posting : 3rd & 4th of every month Posted at
"Egmore RMS / 1 Patrika Channel"
on 4th MAY, 2024.
If un-delivered please return to:
ECHO OF HIS CALL (MALAYALAM)
P.O. Box No. 2957, Chepauk, Chennai - 600 005, INDIA.
Phone: (+ 91- 44) 2852 8282, 2852 9293, 2854 7766

*JESUS LOVES YOU!*

To

*GOD BLESS YOU!*

Owned and published by **S. Sam Selva Raj** from New No. 8 & 10, Old No.18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005 and printed by **S. Sam Selva Raj** at **Echo of His Call Printers**, New No. 8 & 10, Old No.18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005. Editor: **S. Sam Selva Raj.**